24
2026
ആഗസ്റ്റ്
തിങ്കൾ
ചിങ്ങം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 166 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-166 പേജ് 4. വില 2.00 രൂപ

02 വാഹനങ്ങളിലെ ഓരോ മാറ്റത്തിനും 5,000 രൂപ പിഴ ഈടാക്കണമെന്നു ഹൈക്കോടതി

03 ലഹരി ശൃംഖലകളെ തകർക്കാൻ കേന്ദ്ര സർക്കാർ; രാജ്യവ്യാപകമായി പരിശോധന

04 അതിർത്തി ലംഘിച്ച് മത്സ്യബന്ധനം; മത്സ്യത്തൊഴിലാളികൾ ഏറ്റുമുട്ടി

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന കടലപകടം

# വരുന്നു ഹർബർ റെസ്ക്യൂ സംഘം

തിരുവനന്തപുരം: കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ 100 അംഗ ഹാർബർ റെസ്ക്യൂ സംഘം രൂപീകരിക്കാനും തീരദേശ പട്രോളിംഗ് ശക്തമാക്കാനും സർക്കാർ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളെ കടലിൽ കാണാതാകുകയും പിന്നീട് രക്ഷാപ്രവർത്തനം നടത്തിയാലും കണ്ടെത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്ന അവസ്ഥ ഉണ്ടായതിനെതുടർന്നാണ് അടിയന്തര രക്ഷാ പ്രവർത്തനത്തിനു റസ്ക്യു സംഘം രൂപീകരിക്കാനും പട്രോളിംഗ് ശക്തമാക്കാനും സർക്കാർ തയാറായത്.



അടുത്തിടെ തിരുവനന്തപുരത്ത് മുതലപ്പൊഴിയിലും വിഴിഞ്ഞത്തും നീണ്ടകരയിലും വള്ളം മറിഞ്ഞു നിരവധി മത്സ്യത്തൊഴിലാളികൾ മരിച്ചിരുന്നു. ഇതിൽ കാണാതായവരുടെ മൃതദേഹങ്ങൾ ഇതുവരെയും കണ്ടെത്തനായിട്ടില്ല. ഈ വർഷം കടലിൽ പോയ 30ലധികം മത്സ്യത്തൊഴിലാളികൾ മരിച്ചതായാണ് ഫിഷറീസ് ഉദ്യോഗസ്ഥർ പറയുന്നത്. ഇതേ തുടർന്നാണ് തീരദേശത്ത് പട്രോളിംഗ് കൂടി ശക്തമാക്കാൻ തീരുമാനിച്ചത്. അപകടങ്ങൾ തടയുക, രക്ഷാപ്രവർത്തനങ്ങൾക്കുള്ള തയാറെടുപ്പ് മെച്ചപ്പെടുത്തുക, സമുദ്ര, മത്സ്യബന്ധന ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയിലായിരിക്കും തീരദേശ പട്രോളിംഗ് സംഘം ശ്രദ്ധ കേന്ദ്രീകരിക്കുക.

15 തുറുമുഖങ്ങളിലാണ് രക്ഷാ സംഘം രൂപീകരിക്കുക.പദ്ധതിക്കായി മൂന്നു കോടി രൂപയാണ് ഏകദേശ ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ രണ്ടു കോടി രുപ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന് അനുവദിച്ച 50 കോടി രൂപയിൽ നിന്ന് അധിക ഫണ്ടിനായി പ്രത്യേക നിർദേശം സമർപ്പിക്കാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദേശം നൽകി.

കടലിനെ അറിയാവുന്ന മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിയാണ് സംഘം രൂപീകരിക്കുക. ഇവർക്ക് നേതൃത്വം നൽകാൻ കടൽ റെസ്ക്യൂ പരിശീലനം നേടിയ ഉദ്യോഗസ്ഥരും ഉണ്ടാകും. കാലാവസ്ഥാ സാഹചര്യങ്ങളെക്കുറിച്ചും സുരക്ഷാ മുൻകരുതലുകളെക്കുറിച്ചും മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിനു വകുപ്പ് പട്രോളിംഗുകൾ ഉപയോഗിക്കും. കടലിൽ പോകുന്നതിനുമുമ്പ് അധികാരികൾ നൽകുന്ന കാലാവസ്ഥാ മുന്നറിയിപ്പുകൾ പാലിക്കാനും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് ജാഗ്രത പാലിക്കാനും മത്സ്യത്തൊഴിലാളികൾക്ക് നിർദേശം നൽകും.

തീരം വിടുന്നതിനുമുമ്പ് എല്ലാ നിർബന്ധിത രേഖകളും സുരക്ഷാ ഉപകരണങ്ങളും ബോട്ടുകളിൽ ലഭ്യമാണെന്ന് മത്സ്യത്തൊഴിലാളികൾ ഉറപ്പാക്കണമെന്ന് ഫിഷറീസ് ഉദ്യോഗസ്ഥർ മത്സ്യത്തൊഴിലാളികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

#### കടൽക്ഷോഭത്തിൽ മരണമടഞ്ഞ ബെഞ്ചമിൻ ആന്റണിക്ക്

## സഹായഹസ്തവുമായി ലത്തീൻ കത്തോലിക്കാ ഐക്യവേദി

തിരുവനന്തപുരം : കഴിഞ്ഞദിവസം കടൽക്ഷോഭത്തിൽപ്പെട്ടു മരണമടഞ്ഞ അടിമലത്തുറയിലുള്ള ബെഞ്ചമിൻ ആന്റണിയുടെ ഭവനത്തിൽ ലത്തീൻ കത്തോലിക്ക ഐക്യവേദി പ്രവർത്തകർ എത്തി അവരുടെ ദുഃഖത്തിൽ പങ്കുചേർന്ന്, പ്രാർത്ഥിക്കുകയും ധനസഹായം (10000/ )നൽകുകയും ചെയ്തു.



ലത്തീൻ കത്തോലിക്ക ഐക്യവേദി സംസ്ഥാന പ്രസിഡന്റ് Dr. ഫ്രാൻസിസ് ആൽബർട്ട് ഛഎട ന്റെ നേതൃത്വത്തിൽ എത്തിച്ചേർന്ന സംസ്ഥാന ജില്ലാ ഭാരവാഹികളോട് ഒപ്പം അടിമലത്തുറ ഇടവക വികാരി ഫാ. ഷാബിൻ ലീൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും, ലത്തീൻ കത്തോലിക്ക ഐക്യവേദി ജില്ലാ പ്രസിഡന്റ് ഡോ. ട്രിസ ഫെർണാന്റസും, ഇടവക വികാരി ഷാബിൻ ലീനും ചേർന്ന് മരണമടഞ്ഞ ബെഞ്ചമിൻ ആന്റണിയുടെ ഭാര്യ കുഞ്ഞുമേരിക്ക് ധനസഹായം കൈമാറി. ലത്തീൻ ഐക്യവേദി ഭാരവാഹികളായ ജോൺ ബോസ്കോ ഡിക്രൂസ്, അഡ്വ. അഡോൾഫ് മോറായിസ് പുല്ലുവിള,രാജൻ വിഴിഞ്ഞം, ജോൺ പി ഗോമസ് അടിമലത്തുറ, ഫ്രാൻസിസ് തെന്നൂർ ക്കോണം,ആന്റണി ofs ഫ്രാൻസിസ് അടിമലത്തുറ എന്നിവർ സന്നിഹിതരായിരുന്നു.



# ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് തൊട്ടടുത്ത്

ന്യൂഡൽഹി: രാജ്യത്തുടനീളം ലോക്സഭയിലേക്കും വിവിധ സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയത്ത് തെരഞ്ഞെടുപ്പ് നടത്തുന്ന 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' ആശയം 2029ഓടെ പ്രാബല്യത്തിൽവരുത്താനുള്ള നീക്കങ്ങളുമായി എൻഡിഎ മുന്നോട്ടെന്നു റിപ്പോർട്ട്.

ഇതിൻറെ ആദ്യപടിയായി എൻഡിഎ ഭരണത്തിലുള്ള 22 സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും 2029ലെ ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം നിയമസഭാ തെരഞ്ഞെടുപ്പുകളും നടത്താനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. 2034ലെ തെരഞ്ഞെടുപ്പുവരെ കാത്തിരിക്കുന്നതിനു പകരം നേരത്തേതന്നെ നടപ്പിൽവരുത്താനാണ് ആലോചന. ലോക്സഭാ തെരഞ്ഞെടുപ്പ് സമയക്രമത്തിന് അനുസൃതമായി മാറ്റുന്നതിനായി ചില സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമസഭകൾ കാലാവധി തികയുന്നതിന് മുൻപ് പിരിച്ചുവിടേണ്ടിവന്നേക്കാം. ഡൽഹി, ഗോവ, ഉത്തരാഖണ്ഡ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഈ നിർദേശത്തിനു പിന്തുണ അറിയിച്ചിട്ടുണ്ട്. ദേശീയതാത്പര്യം മുൻനിർത്തി തെരഞ്ഞെടുപ്പു സമയക്രമത്തിൽ മാറ്റം വരുത്താൻ തയാറാണെന്ന് ഡൽഹി മുഖ്യമന്ത്രി വ്യക്തമാക്കി.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് സംബന്ധിച്ച ഭരണഘടനാ ഭേദഗതി ബില്ലുകൾ പരിശോധിക്കുന്ന പാർലമെൻററി സമിതി(ജെപിസി) വിവിധ സംസ്ഥാന സർക്കാരുകളുമായും നിയമവിദഗ്ധരുമായും ചർച്ചകൾ നടത്തിവരികയാണ്.

2028 ജൂലൈക്കുള്ളിൽ ബിൽ പാസാക്കുകയാണെങ്കിൽ 2029ൽ തന്നെ ഇതു നടപ്പിലാക്കാൻ സാധിക്കുമെന്ന് ജെപിസി അധ്യക്ഷൻ പി. പി. ചൗധരി വ്യക്തമാക്കി. എല്ലാ സംസ്ഥാനങ്ങളുമായി കൂടിക്കാഴ്ച പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ജെപിസി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടിയിരുന്നു.

അതേസമയം, ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ നടന്ന പ്രമുഖ സന്യാസിമാരുടെയും മഠാധിപതിമാരുടെയും സമ്മേളനം ഈ നീക്കത്തിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു. അടിക്കടിയുണ്ടാകുന്ന തെരഞ്ഞെടുപ്പുകൾ വികസന പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നുണ്ടെന്നും ഒരേ സമയം തെരഞ്ഞെടുപ്പ് നടത്തുന്നത് വലിയതോതിൽ സാമ്പത്തിക ലാഭവും ഭരണ സൗകര്യവും ഉണ്ടാക്കുമെന്നും സന്യാസിമാർ അഭിപ്രായപ്പെട്ടു.

കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി, മന്ത്രി മദൻ കൗശിക്, എംഎൽഎമാർ എന്നിവർ പങ്കെടുത്ത ചടങ്ങിലാണ് സന്യാസിവര്യന്മാർ വിഷയം ചർച്ച ചെയ്തത്. 1970 വരെ ഇന്ത്യയിൽ സംസ്ഥാനങ്ങളിലെയും കേന്ദ്രത്തിലെയും തെരഞ്ഞെടുപ്പുകൾ ഒന്നിച്ചാണ് നടന്നിരുന്നതെന്ന് അഖില ഭാരതീയ അഖാഡ പരിഷത്ത് പ്രസിഡൻറ് മഹന്ത് രവീന്ദ്ര പുരി ചൂണ്ടിക്കാട്ടി.

പിന്നീട് വിവിധ സാഹചര്യങ്ങളിൽ നിയമസഭകൾ കാലാവധിയെത്തുംമുന്പ് പിരിച്ചുവിട്ടതോടെയാണ് ഈ രീതിക്കു മാറ്റമുണ്ടായത്. നിലവിലെ സാഹചര്യത്തിൽ ഈ പരിഷ്കാരം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം വ്യക്തമാക്കി.

പാർലമെൻറ് ഉടൻ ചേരുമെന്ന് അഭ്യൂഹം

ന്യൂഡൽഹി: പാർലമെൻറിൻറെ ഇരുസഭകളും കഴിഞ്ഞ 13ന് അനിശ്ചിതകാലത്തേക്കു പിരിഞ്ഞെങ്കിലും മൺസൂൺ സമ്മേളനം ഔദ്യോഗികമായി അവസാനിപ്പിക്കാത്തതിനെച്ചൊല്ലി (പ്രൊറോഗ് ചെയ്യൽ) ഊഹാപോഹങ്ങൾ ശക്തം. പാർലമെൻറ് ഉടൻ വീണ്ടും ചേർന്നേക്കുമെന്നാണ് ഊഹോപോഹങ്ങൾ.

പാർലമെൻറ് നടപടികൾ അവസാനിപ്പിച്ച് അനിശ്ചിതകാലത്തേക്കു പിരിഞ്ഞശേഷം സമ്മേളനം പൂർത്തിയായി എന്നു വ്യക്തമാക്കിക്കൊണ്ട് രാഷ്ട്രപതി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയാണു പതിവ്. സമ്മേളനം പൂർത്തിയായി മൂന്നോ നാലോ ദിവസത്തിനുള്ളിൽ വിജ്ഞാപനം വരേണ്ടതാണ്.

എന്നാൽ മൺസൂൺ സമ്മേളനം കഴിഞ്ഞ് പത്തു ദിവസം പിന്നിട്ടിട്ടും സമ്മേളനം പ്രൊറോഗ് ചെയ്തിട്ടില്ല. 2029ലെ പൊതുതെരഞ്ഞെടുപ്പിനു മുമ്പായി മണ്ഡല പുനർനിർണയം ഉൾപ്പെടെ സുപ്രധാന ഭരണഘടനാ ഭേദഗതി ബിൽ പാസാക്കുന്നതിനായി സർക്കാരിനു പ്രത്യേക പദ്ധതികളുണ്ടെന്ന അഭ്യൂഹം ഇതോടെ ശക്തമായി.

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലോക്സഭാ സീറ്റുകളുടെ എണ്ണം ഒരേപോലെ 50 ശതമാനം വർധിപ്പിക്കാനുള്ള ഫോർമുല സർക്കാർ തയാറാക്കിയതായും സൂചനകളുണ്ട്. അതേസമയം, സഭ നിർത്തിവച്ച് പത്തു ദിവസം കഴിഞ്ഞിട്ടും പ്രൊറോഗ് ചെയ്യാത്തതിനു പിന്നിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രത്യേക നീക്കങ്ങളാണോയെന്ന് കോൺഗ്രസ് നേതാവ് ജയ്റാം രമേശ് ചോദിച്ചു.

# സ്വർണം പൊട്ടിക്കൽ സംഘത്തിലെ രണ്ടുപേർകൂടി കണ്ണൂരിൽ അറസ്റ്റിൽ

പയ്യന്നൂർ: മഹാരാഷ്ട്രയിൽനിന്ന് തലശേരിയിലേക്ക് വരികയായിരുന്ന സ്വർണ വ്യാപാരിയുടെ കാർ തട്ടിയെടുത്ത് കവർച്ച നടത്തിയ സംഭവത്തിൽ രണ്ടുപേർ കൂടി അറസ്റ്റിൽ. മട്ടന്നൂർ പഴശിയിലെ സൗരവ് നിവാസിൽ സൗരവ് സുനി (30), മട്ടന്നൂർ ദേവർകാട്ടെ വി. വി. ജ്യോതിഷ് (35) എന്നിവരെയാണ് കണ്ണൂർ റൂറൽ എസ്പിയുടെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം ആറായി.

ഒളിവിൽ കഴിയുന്നതിനിടെ കർണാടകയിലേക്ക് കടക്കാൻ ശ്രമിക്കവേ കൂട്ടുപുഴയിൽ നിന്നാണ് ഇവരെ പിടികൂടിയതെന്നാണ് വിവരം. മുമ്പ് തെളിവെടുപ്പിനായി കസ്റ്റഡിയിൽ വാങ്ങിയ പ്രതി അശ്വന്തിനെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇവരെ പിടികൂടാൻ കഴിഞ്ഞത്.

എന്നാൽ, കോടതിയിൽ ഹാജരാക്കിയ ഇവർക്ക് ജാമ്യം അനുവദിച്ചു. അന്വേഷണ ഉദ്യോഗസ്ഥന് പറ്റിയ വീഴ്ചയാണ് ഈ സംഭവത്തിൽ നേരത്തെ അറസ്റ്റിലായ നാലു പ്രതികളെയും കോടതി റിമാൻഡ് ചെയ്ത സാഹചര്യമുണ്ടായിട്ടും ഇവർക്ക് ജാമ്യം ലഭിക്കുന്നതിന് വഴിവച്ചതെന്നാണ് സൂചന.മാലൂർ കുണ്ടേരിപൊയിലിലെ അശ്വന്ത് (26), പാപ്പിനിശേരി കീച്ചേരി അഞ്ചാം പീടിക സ്വദേശി സനു സന്തോഷ്, കണ്ണപുരം ചെറുകുന്ന് പൂങ്കാവ് സ്വദേശി കുട്ടു എന്ന ആരംഭൻ ഹൗസിൽ ജിജിൽ (38), ചൊക്ലി നെടുമ്പ്രത്തെ രാജീവൻറെ മകൻ അഭിനവ് (27) എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. രണ്ട് ഇന്നോവയടക്കം മൂന്ന് വാഹനങ്ങളും അന്വേഷണ സംഘം പിടികൂടി. ജൂൺ രണ്ടിന് പുലർച്ചെ അഞ്ചിന് ദേശീയപാതയിൽ എടാട്ടാണ് സംഭവം. മഹാരാഷ്ട്രയിൽനിന്ന് തലശേരിയിലേക്ക് വരുന്നതിനിടെ സ്വർണവ്യാപാരി മഹാരാഷ്ട്ര സ്വദേശി കുമാർ ജലന്തർ നിഗവും ഭാര്യയും രണ്ടു കുട്ടികളും ഡ്രൈവറുമുണ്ടായിരുന്ന കാർ തട്ടിയെടുത്ത് മുപ്പത് പവനോളം സ്വർണവും ഒന്നരകോടിയോളം രൂപയും കവർച്ച നടത്തിയ സംഭവമുണ്ടായത്.

# ഉപജീവനത്തിന് ഭീഷണിയായി തീരത്തെ ജെല്ലിഫിഷ് വ്യാപനം: മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിൽ

ആലപ്പുഴ: ആലപ്പുഴയുടെ തീരക്കടലിൽ ജെല്ലിഫിഷുകളുടെ (കടൽചൊറി, കാന്തൽചൊറി) വൻതോതിലുള്ള വ്യാപനം മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ഗുരുതര ഭീഷണിയായി മാറുന്നു.

മൺസൂൺ കാലയളവിന് പിന്നാലെ എല്ലാ വർഷവും ജൂലൈ മുതൽ ജനുവരി വരെ ജെല്ലി ഫിഷുകളുടെ വൻതോതിലുള്ള സാന്നിധ്യം ആവർത്തിക്കുന്നതായി മത്സ്യത്തൊഴിലാളികൾ പറയുന്നു. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന തൊഴിലാളികളുടെ വലയിൽ ആയിരക്കണക്കിന് ജെല്ലിഫിഷുകൾ കുടുങ്ങുന്നതോടെ വലകൾക്ക് വലിയ കേടുപാടുകൾ സംഭവിക്കുകയും വിലയേറിയ മത്സ്യബന്ധന ഉപകരണങ്ങൾ നശിക്കുകയും ചെയ്യുന്നത് പതിവാണ്.

ജെല്ലിഫിഷുകളുടെ ശരീരത്തിൽ നിന്നുള്ള ഒട്ടിപ്പിടിക്കുന്ന ദ്രവം മത്സ്യത്തിൻറെ ഗുണനിലവാരത്തെയും വിപണനത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടാതെ, ജെല്ലിഫിഷിൻറെ സ്പർശനത്തെ തുടർന്നുണ്ടാകുന്ന അസ്വസ്ഥതകൾ മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടും സൃഷ്ടിക്കുന്നു. ഇതുമൂലം പല തൊഴിലാളികളും കടലിൽ പോകുന്നതിൽ നിന്ന് വിട്ടുനിൽക്കുന്ന സാഹചര്യം പോലും ഉണ്ടാകുന്നുണ്ടെന്ന് മാരാരിക്കുളത്തെ മത്സ്യത്തൊഴിലാളികൾ പറയുന്നു.

വലിയ തോതിലുള്ള ജെല്ലിഫിഷ് വ്യാപനം തീരദേശ വ്യവസായങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങൾക്കും ഭീഷണിയാണ്. മുൻകാലങ്ങളിൽ കൂടൻകുളം ആണവനിലയത്തിൻറെ കടൽജല ഇൻടേക്ക് സംവിധാനങ്ങളിലും കൂളിംഗ് ഫിൽട്ടറുകളിലും ജെല്ലിഫിഷുകളുടെ കൂട്ടം അടിഞ്ഞുകൂടി പ്രവർത്തന തടസങ്ങൾ സൃഷ്ടിച്ച സംഭവങ്ങളും ഇതിൻറെ ഗൗരവം വ്യക്തമാക്കുന്നു.

കേരള തീരത്ത് ജെല്ലിഫിഷുകളുടെ വ്യാപനം വർധിക്കുന്നതിന് പിന്നിലെ സമുദ്ര താപനിലയിലെ മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, സമുദ്രത്തിലെ പരിസ്ഥിതിക മാറ്റങ്ങൾ, മത്സ്യസമ്പത്തിലെ വ്യതിയാനങ്ങൾ, മലിനീകരണം തുടങ്ങിയ ഘടകങ്ങൾ ശാസ്ത്രീയമായി പരിശോധിക്കേണ്ടതായുണ്ട്. കെ. സി. വേണുഗോപാൽ എംപിയുടെ ഇടപെടലിലൂടെ ഈ വിഷയത്തിൽ പരിഹാരം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് തീരദേശത്തെ മത്സ്യത്തൊഴിലാളികൾ.

# കേന്ദ്രം ഉറപ്പു പാലിച്ചില്ല; പ്രതിഷേധത്തിന് സിജെപി

ന്യൂഡൽഹി: നൽകിയ ഉറപ്പുകൾ പാലിക്കാൻ കേന്ദ്ര സർക്കാർ തയാറായില്ലെങ്കിൽ സമാധാനപരമായ മറ്റൊരു പ്രതിഷേധത്തിലേക്കു കടക്കാനൊരുങ്ങി കോക്രോച്ച് ജനതാ പാർട്ടി (സിജെപി). ജൂലൈ 25ന് സമരം പിൻവലിച്ചതിനുശേഷം നൽകിയ ഉറപ്പുകൾ പാലിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് ഇതുവരെ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്ന് സിജെപി വ്യക്തമാക്കി.

ഇന്നു നടക്കുന്ന യോഗം നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുമെന്നും തുടർനടപടികൾ സ്വീകരിക്കുമെന്നും സിജെപി അറിയിച്ചു. സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ സമാധാനപരമായ മറ്റൊരു രാജ്യവ്യാപക പ്രക്ഷോഭം ഉൾപ്പെടെയുള്ള എല്ലാ തുടർനടപടികളും ഇന്നത്തെ യോഗം പരിഗണിക്കുമെന്നും സിജെപി അറിയിച്ചു.

വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻറെ രാജി, നീറ്റ് പരീക്ഷ റദ്ദാക്കിയതിനെത്തുടർന്ന് ആത്മഹത്യ ചെയ്ത വിദ്യാർഥികളുടെ കുടുംബത്തിന് നഷ്ടപരിഹാരം, പ്രതിഷേധിച്ച വിദ്യാർഥികൾക്കെതിരേ രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളായിരുന്നു സിജെപി കേന്ദ്രസർക്കാരിനു മുന്നിൽ വച്ചത്.

എന്നാൽ ധർമേന്ദ്ര പ്രധാൻറെ രാജി മാത്രമേ സംഭവിച്ചുള്ളൂ. ഉറപ്പുകൾ പാലിക്കുമെന്ന് കേന്ദ്രമന്ത്രിമാരായ ജെ. പി. നഡ്ഡയും ജിതേന്ദ്ര സിംഗും ഉറപ്പു നൽകിയതോടെയാണു സമരം അവസാനിപ്പിച്ചത്. എന്നാൽ അതിൽനിന്നു പിന്മാറാൻ ശ്രമിക്കുന്നത് യുവാക്കളെ അപമാനിക്കുന്നതിന് തുല്യമാണെന്നും അതിന് അനുവദിക്കില്ലെന്നും സിജെപി വ്യക്തമാക്കി.

പ്രതിഷേധത്തെത്തുടർന്ന് വിദ്യാർഥികൾക്കെതിരേ രജിസ്റ്റർ ചെയ്ത എഫ്ഐആറുകളുടെ സംയോജിത പട്ടിക ഹാജരാക്കാൻ മൂന്നു തവണ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ തയാറായിട്ടില്ല. കോടതിയുടെ പ്രത്യേക അധികാരം ഉപയോഗിച്ച് എഫ്ഐആറുകൾ റദ്ദാക്കാനാണ് ഇത്തരമൊരു ആവശ്യം മുന്നോട്ടുവച്ചത്. കേന്ദ്രസർക്കാരിൻറെ ഈ നിലപാട് വഞ്ചനാപരമാണെന്ന് സിജെപി കുറ്റപ്പെടുത്തി. പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എല്ലാ എഫ്ഐആറുകളും പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുമെന്നും ഭാവിയിൽ ഒരു വിദ്യാർഥിക്കോ സമാധാനപരമായി പ്രതിഷേധിച്ച വ്യക്തിക്കോ എതിരേ ശിക്ഷാനടപടികൾ ഉണ്ടാകില്ലെന്നുമുള്ള വ്യക്തമായ ഉറപ്പാണു ലഭിച്ചത്. ഈ ഉറപ്പുകളിൽ വെള്ളം ചേർക്കാനോ വൈകിക്കാനോ തെറ്റായി വ്യാഖ്യാനിക്കാനോ ലംഘിക്കാനോ നടത്തുന്ന ഏതൊരു ശ്രമവും വിശ്വാസവഞ്ചനയായി കാണുമെന്നും സിജെപി വ്യക്തമാക്കി.

# നിർത്തിയിട്ടിരുന്ന ലോറിയിൽ ടാങ്കർ ലോറിയിടിച്ച് അപകടം; രണ്ട് മരണം

പിലാത്തറ: കണ്ണൂർ പിലാത്തറ മണ്ടൂരിൽ ടാങ്കർ ലോറി നിർത്തിയിട്ടിരുന്ന ലോറിക്ക് പിന്നിൽ ഇടിച്ചുകയറി അപകടം. തിങ്കളാഴ്ച പുലർച്ചെ മൂന്നോടെ ആണ് അപകടമുണ്ടായത്. അപകടത്തിൽ രണ്ട് പേർ മരിച്ചു.നിർത്തിയിട്ടിരുന്ന ലോറിയിൽ അറ്റകുറ്റപ്പണികൾ ചെയ്യുകയായിരുന്ന മെക്കാനിക്കും സഹായിയുമാണ് മരിച്ചത്. അപകടത്തിൽ ഇരു വാഹനങ്ങൾക്കും വലിയ കേടുപാടുകൾ സംഭവിച്ചു. ലോറി പൂർണായും കത്തി നശിച്ചു. സ്ഥലത്തെത്തിയ അഗ്നിശമനസേനയും പോലീസും ചേർന്നാണ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

# ഭർത്താവിനെ കൊന്ന് കുടൽമാല പുറത്തെടുത്ത് ഭാര്യ

കുരുക്ഷേത്ര: ഹരിയാനയിലെ കുരുക്ഷേത്രയിൽ ഭർത്താവിനെ കൊലപ്പെടുത്തി വയർകീറി ആന്തരികാവയവങ്ങൾ പുറത്തെടുത്ത് ഭാര്യ. ഉത്തർപ്രദേശ് സീതാപുർ സ്വദേശിയായ രാജേഷ് ആണ് കൊല്ലപ്പെട്ടത്.

സംഭവത്തിൽ രാജേഷിൻറെ ഭാര്യ വിമല ദേവിയെ പോലീസ് കസ്റ്റഡിയിലെടുത്തത്. കൊലപാതകം പുറത്തറിഞ്ഞതിന് പിന്നാലെ വീടിൻറെ ടെറസിൽനിന്ന് ചാടി പരിക്കേറ്റ പ്രതി നിലവിൽ ചികിത്സയിലാണ്. ആരോഗ്യനില മെച്ചപ്പെട്ടാൽ മാത്രമേ പ്രതിയിൽനിന്ന് കൂടുതൽ മൊഴിയെടുക്കാൻ സാധിക്കൂ എന്ന് പോലീസ് വ്യക്തമാക്കി. കഴിഞ്ഞദിവസം വൈകുന്നേരം അഞ്ചോടെ ദമ്പതിമാർ താമസിച്ചിരുന്ന വാടകവീട്ടിലായിരുന്നു നാടിനെ നടുക്കിയ സംഭവം നടന്നത്. ദമ്പതിമാർ തമ്മിൽ വഴക്കുണ്ടായിരുന്നതായി വീട്ടുടമ റിങ്കു പോലീസിന് മൊഴി നൽകി.

വഴക്കിനിടയിൽ ശബ്ദം കേട്ട് റിങ്കു വീടിൻറെ ടെറസിൽ എത്തിനോക്കിയപ്പോഴാണ് രക്തത്തിൽ കുളിച്ചു കിടക്കുന്ന രാജേഷിനെ കണ്ടത്. വയറിൽ ഗുരുതരമായി പരിക്കേറ്റ് കിടക്കുന്ന രാജേഷിൻറെ വയർ കീറി കുടൽമാല പുറത്തെടുക്കുന്ന ഭീകരമായ കാഴ്ചയാണ് വീട്ടുടമ കണ്ടത്. അല്പസമയത്തിനുശേഷം റിങ്കുവിനെ കണ്ടതോടെ പരിഭ്രാന്തയായ യുവതി വീടിൻറെ ടെറസിൽനിന്ന് താഴേക്ക് ചാടുകയായിരുന്നു. പരിക്കേറ്റ യുവതിയെ പിന്നീട് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

മൂർച്ചയേറിയ ആയുധം ഉപയോഗിച്ച് 35 സെൻറിമീറ്ററോളമുള്ള ആഴത്തിലാണ് രാജേഷിൻറെ വയർ കീറിയിരിക്കുന്നതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. യുവാവിൻറെ കരളിൻറെ ഒരുഭാഗവും ഒരു വൃക്കയും കാണാനില്ലെന്നും പോസ്റ്റ്മോർട്ടം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സംഭവസ്ഥലത്തുനിന്ന് മൂന്ന് കത്തികൾ പോലീസ് കണ്ടെടുത്തിട്ടുണ്ട്. ഫൊറൻസിക് വിദഗ്ധരും സ്ഥലത്തെത്തി തെളിവെടുപ്പ് നടത്തി.

വിമലാദേവിയും രാജേഷും തമ്മിൽ ഇടയ്ക്കിടെ വഴക്കിടാറുണ്ടായിരുന്നുവെന്ന് വീട്ടുടമ പോലീസിന് മൊഴി നൽകിയിട്ടുണ്ട്. വിമലാദേവി ബാധയൊഴിപ്പിക്കൽ, മന്ത്രവാദം തുടങ്ങിയ ആചാരങ്ങളും പരമ്പരാഗത ചികിത്സയും നടത്തിയിരുന്നതായും ഇയാൾ പറഞ്ഞു.

വർഷങ്ങൾക്ക് മുൻപ് വിവാഹിതരായ ദമ്പതിമാർക്ക് മക്കളില്ലായിരുന്നു. ദുർമന്ത്രവാദത്തിൻറെയോ അന്ധവിശ്വാസത്തിൻറെയോ ഭാഗമായാണോ യുവതി ഭർത്താവിൻറെ ആന്തരികാവയവങ്ങൾ പുറത്തെടുത്തതെന്ന കോണിലും പോലീസ് അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ട്.

# തമിഴ്നാട്ടിൽ വമ്പൻ ക്ഷേമപ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി വിജയ്

ചെന്നൈ: തമിഴ്നാട്ടിൽ കൂടുതൽ ജനക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ച് മുഖ്യമന്ത്രി സി. ജോസഫ് വിജയ്. സ്ത്രീകളുടെ സൗജന്യ ബസ് യാത്രാ പദ്ധതിയായ 'വെട്രി പയന തിട്ടം' കൂടുതൽ ബസുകളിലേക്ക് വിപുലീകരിച്ചു. ഗാന്ധിജയന്തി ദിനം മുതൽ നഗരങ്ങളിലും മെട്രോപ്പോലീത്തൻ പ്രദേശങ്ങളിലും ഡീലക്സ്, ലിമിറ്റഡ് സ്റ്റോപ്പ്, എക്സ്പ്രസ് ബസുകളിലും സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതായി മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു.

പ്രതിവർഷം 6,000 കോടി രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ഓർഡിനറി, സിറ്റി ബസുകളിലാണ് ഈ ആനുകൂല്യം ഉള്ളത്.

രണ്ടര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് അടുത്ത പൊങ്കൽ മുതൽ മൂന്ന് സൗജന്യ ഗ്യാസ് സിലിണ്ടറുകൾ നൽകുമെന്ന് വിജയ് പ്രഖ്യാപിച്ചു. 1.34 കോടി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ തുക നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുമെന്നും അദ്ദേഹം വ്യക്തമാക്കി.

കാഞ്ചീപുരത്തെ പരന്തൂർ വിമാനത്താവള പദ്ധതി റദ്ദാക്കിയതായി മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. കർഷകർ രാജ്യത്തിൻറെ നട്ടെല്ലാണെന്നും, ചെന്നൈയിൽ മറ്റൊരു സ്ഥലത്ത് പുതിയ വിമാനത്താവളം നിർമിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇതിനുപുറമെ, നിലവിലെ ചെന്നൈ വിമാനത്താവളത്തിൽ അഞ്ചാമത്തെ ടെർമിനൽ നിർമിക്കുമെന്നും വിജയ് അറിയിച്ചു.

പരന്തൂറിലെ 13 ഗ്രാമങ്ങളിലെ 5,746 ഏക്കറിൽ 29,400 കോടി രൂപ ചിലവിൽ വിമാനത്താവളം നിർമിക്കാനായിരുന്നു മുൻ സർക്കാരിൻറെ പദ്ധതി.

കർഷക സമരം അവഗണിച്ച് സ്ഥലം ഏറ്റെടുപ്പുമായി മുന്നോട്ടുപോയ പദ്ധതിക്കെതിരെ 2025 ജനുവരിയിൽ വിജയ് നേരിട്ട് സമരമുഖത്ത് എത്തിയതോടെയാണ് വിഷയം ദേശീയശ്രദ്ധ നേടിയത്.

# മുംബൈയിൽ പതിനൊന്നാം നിലയിൽ നിന്ന് വീണ് എസി ടെക്നീഷ്യൻ മരിച്ചു

മുംബൈ: മഹാരാഷ്ട്രയിലെ ബാന്ദ്ര കലാനഗറിലെ 29 നിലകളുള്ള കെട്ടിടത്തിൻറെ പതിനൊന്നാം നിലയിൽ നിന്ന് വീണ് എസി ഫിറ്റിംഗ് ടെക്നീഷ്യൻ മരിച്ചു. ഉത്തർപ്രദേശ് സ്വദേശി സിയാദുൽ ശംശുജുഹ ഹുഡ (27) ആണ് മരിച്ചത്. സംഭവവുമായി ബന്ധപ്പെട്ട് സൂപ്പർവൈസർ ഇന്ദ്രജിത്ത് ചൗഹാൻ (30), എസി കരാറുകാരൻ തശ്വർ അലി ഇബ്വാരത് (28) എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തു. കെട്ടിടത്തിൻറെ ജനലിന് പുറത്തുവന്ന് ഔട്ട്ഡോർ എസി ഫിറ്റ് ചെയ്യുന്നതിനിടെ സിയാദുൽ കാൽതെറ്റി താഴേക്ക് വീഴുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന അതികുർ റഹ്മാൻറെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യം വ്യക്തമായത്. ജോലി ചെയ്യുന്നതിനിടെ സിയാദുലിൻറെ നിയന്ത്രണം നഷ്ടപ്പെടുകയും താഴേക്ക് പതിക്കുകയുമായിരുന്നു എന്ന് അതികുർ പോലീസിനോട് പറഞ്ഞു. ഗുരുതരമായി പരിക്കേറ്റ സിയാദുലിനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ജോലിസ്ഥലത്ത് ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാത്തതിനെ തുടർന്നാണ് ഇന്ദ്രജിത്ത്, തശ്വർ എന്നിവർക്കെതിരെ കേസെടുത്തിരിക്കുന്നത്. തൊഴിലാളിക്ക് സുരക്ഷാ ബെൽറ്റ് നൽകിയിരുന്നു എന്നാണ് ഇന്ദ്രജിത്തും തശ്വറും പോലീസിനോട് പറഞ്ഞത്. എന്നാൽ അപകടസമയത്ത് സിയാദുൽ സുരക്ഷാ ബെൽറ്റ് ധരിച്ചിരുന്നുവെങ്കിലും ഹെൽമെറ്റ് ധരിച്ചിരുന്നില്ലെന്ന് പോലീസ് വ്യക്തമാക്കി. സംഭവത്തിൽ പോലീസ് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

# ഹർദീപ് സിംഗ് നിജ്ജാറിൻറെ വധം: ഉത്തരവാദിത്തം ഏറ്റെടുത്ത് ഗോൾഡി ബ്രാർ

ഒട്ടാവ: ഇന്ത്യകാനഡ നയതന്ത്ര ബന്ധത്തെ ബാധിച്ച ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിംഗ് നിജ്ജാറിൻറെ കൊലപാതകത്തിൽ നിർണായക വഴിത്തിരിവ്. നിജ്ജാറിനെ വധിച്ചത് താനും തൻറെ സംഘവുമാണെന്ന് അവകാശപ്പെട്ട് കുപ്രസിദ്ധ ഗുണ്ടാ നേതാവ് ഗോൾഡി ബ്രാർ രംഗത്തെത്തി. ഖലിസ്ഥാൻ ഭീകരൻ പരംജിത് സിംഗ് പമ്മയുമായി ഗോൾഡി ബ്രാർ നടത്തിയ ഫോൺ സംഭാഷണത്തിൻറെ ശബ്ദസന്ദേശം പുറത്തുവന്നതിന് പിന്നാലെയാണ് സംഭവം സംബന്ധിച്ച വിവരങ്ങൾ വ്യക്തമായത്.

കാനഡയിലെ ചെറുപ്പക്കാരെ ലഹരിമരുന്ന് കച്ചവടത്തിനായി ഉപയോഗിക്കുകയും അവരെ ഭീഷണിപ്പെടുത്തി വിവരദാതാക്കളാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതിലുള്ള വൈരാഗ്യമാണ് കൊലപാതകത്തിന് പിന്നിലെന്ന് സന്ദേശത്തിൽ പറയുന്നു. 1617 വയസുള്ള യുവാക്കളെ മയക്കുമരുന്ന് മാഫിയയിലേക്ക് തള്ളിവിട്ടവർക്ക് നിജ്ജാർ സംരക്ഷണം നൽകിയിരുന്നെന്നും അതിനാലാണ് തങ്ങൾ ഇടപെട്ട് നിജ്ജാറിനെ വധിച്ചതെന്നും ഗോൾഡി ബ്രാർ വ്യക്തമാക്കുന്നു.

2023 ജൂൺ 18ന് ബ്രിട്ടീഷ് കൊളംബിയയിൽ വെച്ചാണ് നിജ്ജാർ വെടിയേറ്റ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇന്ത്യക്ക് പങ്കുണ്ടെന്ന് അന്നത്തെ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ആരോപിച്ചെങ്കിലും ആരോപണങ്ങൾ ഇന്ത്യ ശക്തമായി തള്ളിക്കളഞ്ഞിരുന്നു. നിലവിൽ പുറത്തുവന്ന ഓഡിയോ സന്ദേശത്തിൻറെ ആധികാരികത അന്വേഷണ ഏജൻസികൾ പരിശോധിച്ച് വരികയാണ്.

# ലഹരി ശൃംഖലകളെ തകർക്കാൻ കേന്ദ്ര സർക്കാർ; രാജ്യവ്യാപകമായി പരിശോധന

ന്യൂഡൽഹി: ലഹരി ശൃംഖലകളെ തകർക്കാൻ കർമപദ്ധതിയുമായി കേന്ദ്ര സർക്കാർ. രാജ്യവ്യാപകമായി ഒരു വർഷം നീളുന്ന കർശനപരിശോധനകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്താനാണ് കേന്ദ്രം സർക്കാരിൻറെ നീക്കം. ലഹരിക്കെതിരായ പരിശോധനകളും പ്രതിരോധ പ്രവർത്തനങ്ങളും സെപ്റ്റംബറിൽ ആരംഭിക്കും. ലഹരിക്കടത്ത് പ്രതികളെ പിടികൂടുക, മെഡിക്കൽ ഷോപ്പുകളിലൂടെയുള്ള ഔഷധ ലഹരിമരുന്നുകളുടെ വഴിതിരിച്ചുവിടൽ തടയുക, ജയിലുകളിൽ പരിശോധന നടത്തുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഓരോ 15 ദിവസത്തിലും പ്രത്യേക വിഷയങ്ങൾ കേന്ദ്രീകരിച്ച് 24 വ്യത്യസ്തനീക്കങ്ങളാണ് 2027 ഓഗസ്റ്റുവരെ നടപ്പാക്കുക. നാർകോട്ടിക് കൺട്രോൾ ബ്യൂറോ തയാറാക്കുന്ന കർമപദ്ധതി അനുസരിച്ചാണ് നീക്കം.

# ആശുപത്രിയിൽ തീപിടിത്തം; വെൻറിലേറ്റർ പൊട്ടിത്തെറിച്ച് മൂന്ന് നവജാതശിശുക്കൾ മരിച്ചു

അമരാവതി: മഹാരാഷ്ട്രയിലെ അമരാവതി ജില്ലാ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ മൂന്ന് നവജാതശിശുക്കൾ പൊള്ളലേറ്റു മരിച്ചു. ഇന്ന് പുലർച്ചെ 3: 30ഓടെയാണ് ദുരന്തമുണ്ടായത്. ആശുപത്രിയുടെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിലെ വെൻറിലേറ്റർ പൊട്ടിത്തെറിച്ചാണ് വൻ തീപിടിത്തമുണ്ടായത്. അപകടസമയത്ത് വാർഡിൽ 39 നവജാതശിശുക്കൾ ഉണ്ടായിരുന്നു. പുകയും തീയും പടർന്നതോടെ ഡോക്ടർമാരും നഴ്സുമാരും മറ്റ് ജീവനക്കാരും ചേർന്ന് കുഞ്ഞുങ്ങളെ വേഗത്തിൽ പുറത്തെത്തിച്ചു. പൊള്ളലേറ്റും പുക ശ്വസിച്ചുമാണ് മൂന്ന് കുഞ്ഞുങ്ങൾ മരിച്ചത്. നിലവിൽ ഗുരുതരാവസ്ഥയിലുള്ള മറ്റ് ആറ് നവജാതശിശുക്കളെ അടുത്തുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് മാറ്റി തീവ്ര പരിചരണ വിഭാഗത്തിൽ വിദഗ്ധ ചികിത്സ നൽകിവരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



# പട്ടം എസ് യു ടി ആശുപത്രിയിൽ 'ഓണ സംഗമം 2026' സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയിൽ 'ഓണ സംഗമം 2026' വിപുലമായി സംഘടിപ്പിച്ചു. ആശുപത്രിയുടെ എംഡി യും സിഇഒ യുമായ കേണൽ രാജീവ് മണ്ണാളി ഓണാഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു. ജീവനക്കാരുടെ കൂട്ടായ പങ്കാളിത്തത്തോടെ നടന്ന ആഘോഷത്തിൽ അത്തപ്പൂക്കളം, മെഗാ തിരുവാതിര, വടംവലി, പുലികളി തുടങ്ങിയ വിവിധ പരിപാടികൾ അരങ്ങേറി. പരമ്പരാഗത കലാരൂപങ്ങളും വിനോദപരിപാടികളും ഉൾപ്പെടുത്തിയ ആഘോഷം ആശുപത്രി അങ്കണത്തിൽ ഓണത്തിന്റെ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. ജീവനക്കാരുടെ ആവേശകരമായ പങ്കാളിത്തത്തോടെ നടന്ന വടംവലി മത്സരവും പുലികളിയും ശ്രദ്ധേയമായി.

തുടർന്ന് നടന്ന ഓണസദ്യയിൽ ജീവനക്കാരും കുടുംബാംഗങ്ങളും രോഗികളുടെ കൂട്ടിരിപ്പുകാരും പങ്കെടുത്തു. സൗഹൃദവും കൂട്ടായ്മയും ശക്തിപ്പെടുത്തുന്നതിനൊപ്പം ഓണത്തിന്റെ ഐക്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശം പങ്കുവെക്കുക എന്ന ലക്ഷ്യത്തോടെയാണ് ആഘോഷം സംഘടിപ്പിച്ചത്. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ സജീവ പങ്കാളിത്തവും സഹകരണവും പരിപാടിയുടെ വിജയത്തിന് മാറ്റുകൂട്ടി.

# അതിർത്തി ലംഘിച്ച് മത്സ്യബന്ധനം; മത്സ്യത്തൊഴിലാളികൾ ഏറ്റുമുട്ടി

തിരുവനന്തപുരം: അതിർത്തി ലംഘിച്ച് മത്സ്യബന്ധനം നടത്തിയെന്ന് ആരോപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ട് ഉടമകളും തമ്മിൽ സംഘർഷം. വർക്കല ഇടവ വെറ്റക്കട കടൽത്തീരത്തുണ്ടായ സംഭവത്തിൽ പോലീസ് കേസെടുത്തു. അതിർത്തി ലംഘിച്ച് എത്തിയ ബോട്ട് മത്സ്യത്തൊഴിലാളികൾ തടഞ്ഞതാണ് സംഘർഷത്തിൽ കലാശിച്ചത്.

വലിയ ബോട്ടുകളുടെ നിയമവിരുദ്ധ മത്സ്യബന്ധനത്തിനെതിരെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കഴിഞ്ഞ ദിവസം തീരദേശ റോഡ് ഉപരോധിച്ചിരുന്നു. തുടർന്ന് പോലീസിൻറെ നേതൃത്വത്തിൽ ചർച്ച നടത്തി പ്രശ്നം പരിഹരിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ ഇതിന് പിന്നാലെയും വലിയ ബോട്ടുകൾ തീരത്തോട് ചേർന്ന് എത്തിയതോടെ തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തെത്തി.സംഭവസ്ഥലത്ത് അയിരൂർ എസ്എച്ച്ഒയുടെ നേതൃത്വത്തിൽ വൻ പോലീസ് സംഘം ക്യാമ്പ് ചെയ്യുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം തടസപ്പെടുത്തുന്ന തരത്തിൽ വലിയ ബോട്ടുകൾ നടത്തുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി വേണമെന്നാണ് തൊഴിലാളികളുടെ ആവശ്യം.

# മോട്ടറോളയുടെ മോട്ടോ ജി മാക്സ് പുറത്തിറക്കി

തിരുവനന്തപുരം: മൊബൈൽ സാങ്കേതികവിദ്യാരംഗത്തെ പ്രമുഖ കമ്പനിയായ മോട്ടറോള പുതിയ മോട്ടോ ജി മാക്സ് സ്മാർട്ട്ഫോൺ ഇന്ത്യയിൽ അവതരിപ്പിച്ചു. പാന്റോൺ ക്യൂറേറ്റഡ് നിറങ്ങളിലെ ആഡംബര സാറ്റിൻ ഫിനിഷ്, വിഭാഗത്തിലെ മുൻനിര 50 മെഗാപിക്സൽ സോണി ലിറ്റിയ 600 ക്യാമറ സംവിധാനം, സ്നാപ്ഡ്രാഗൺ 6എസ് നാലാം തലമുറ പ്രോസസർ, 6.72 ഇഞ്ച് 120 ഹെർട്സ് ഫുൾ എച്ച്ഡി പ്ലസ് ഡിസ്പ്ലേ, 7000 എംഎഎച്ച് സിലിക്കൺ-കാർബൺ ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ.

പാന്റോൺ സ്റ്റാർഗേസർ, പാന്റോൺ അലാസ്കൻ ബ്ലൂ, പാന്റോൺ മലാഗ എന്നീ നിറങ്ങളിൽ ലഭിക്കുന്ന ഫോണിന്റെ സാറ്റിൻ ഫിനിഷ് വിരലടയാളങ്ങളെ പ്രതിരോധിക്കുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# ഓണക്കാലത്ത് തീവില; വീണ്ടും കുതിച്ചുകയറി സ്വർണം, പവന് 1.20 ലക്ഷം പിന്നിട്ടു

കൊച്ചി: സംസ്ഥാനത്ത് ഓണക്കാലത്ത് ആഭരണപ്രേമികളുടെ നെഞ്ചിൽ തീകോരിയിട്ട് സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 80 രൂപയും പവന് 640 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 15,030 രൂപയിലും പവന് 1,20, 240 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 65 രൂപ വർധിച്ച് 12,350 രൂപയിലെത്തി.

കഴിഞ്ഞ 103 ദിവസത്തിനിടയിലെ ഏറ്റവും ഉയർന്ന നിലയിലാണ് കേരളത്തിൽ സ്വർണ വ്യാപാരം പുരോഗമിക്കുന്നത്. ഈ വർഷം ജനുവരി 29ന് കുറിച്ച ഗ്രാമിന് 16,395 രൂപയും പവന് 1.31 ലക്ഷം രൂപയുമാണ് സംസ്ഥാനത്തിൻറെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന സ്വർണവില. ഈ മാസത്തിൻറെ തുടക്കത്തിൽ പവന് 1,05,600 രൂപയായിരുന്നു സ്വർണവില. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ വർധിച്ചത് 14,600 രൂപയാണ്. കഴിഞ്ഞവാരം നാലുദിവസത്തിനിടെ 6,000 രൂപ കൂടിയ ശേഷമാണ് ഇന്നു വീണ്ടും മുന്നോട്ടുപോയത്.



# അഭയാർത്ഥികൾക്ക് കുടിവെള്ളവുമായി ലത്തീൻ കത്തോലിക്ക ഐക്യവേദി

തിരുവനന്തപുരം : തിരുവനന്തപുരം ജില്ലയിൽ വലിയതുറ പ്രദേശത്ത് 2023 മുതൽ സിമെന്റ് ഗോഡൗണിൽ അഭയാർത്ഥികളായി താമസിക്കുന്നവർക്ക് അടിയന്തരമായി ആഴ്ചയിലൊരിക്കലെങ്കിലും കുടിവെള്ളം എത്തിക്കണമെന്ന്

ലത്തീൻ കത്തോലിക്കാ ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ഡോ. ഫ്രാൻസിസ് ആൽബർട്ട് ഷഎട സർക്കാരിനോട് ആവശ്യപ്പെട്ടു.

ലത്തീൻ കത്തോലിക്ക ഐക്യവേദി ജില്ലാ പ്രസിഡന്റ് ഡോ ട്രിസ വി ഫെർണാന്റസിന്റെ നേതൃത്വത്തിൽ 2023 മുതൽ വലിയതുറ സിമന്റ് ഗോഡൗണിൽ അഭയാർത്ഥികളായി താമസിക്കുന്നവർക്ക് കുടിവെള്ളം നൽകി വരുന്നു. സ്വന്തമായി കിടപ്പാടം ഇല്ലാതെ മറ്റ് അഭയാർത്ഥികളോടൊപ്പം സിമന്റ് ഗോഡൗണിൽ എത്തിപ്പെട്ടവരാണ് ഈ രണ്ടു കുടുംബങ്ങളും. മതിയായ രേഖകൾ ഇല്ലാത്തതിനാൽ ഇവർക്ക് മറ്റുള്ളവർക്ക് നൽകിയത് പോലെയുള്ള ഫ്ലാറ്റുകൾ കഴിഞ്ഞ ഗവൺമെന്റ് നൽകിയിട്ടില്ല. എന്നാൽ ഇപ്പോഴും ഈ രണ്ടു കുടുംബങ്ങളും സിമന്റ് ഗോഡൗണിൽ അഭയാർത്ഥികളായി കിടക്കുകയാണ്. അവർക്ക് കുടിവെള്ളവും വൈദ്യുതിയും ഇല്ലാതെ വിഷമിക്കുന്ന ഈ സാഹചര്യത്തിൽ, പ്രദേശിക ഭരണ നേതൃത്വത്തെ സമീപിച്ചുവെങ്കിലും അടിസ്ഥാന പ്രശ്നമായ കുടിവെള്ളവും വെളിച്ചവും എത്തിക്കുവാൻ കാലതാമസം ഉണ്ടാകുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ലത്തീൻ കത്തോലിക്ക ഐക്യവേദി ഓണ ദിവസങ്ങളിൽ എങ്കിലും ആവശ്യത്തിനുള്ള കുടിവെള്ളം പൈസ അടച്ച് എത്തിച്ചു നൽകിയത്. കോർപ്പറേഷൻ മേയറെ നേരിട്ട് കണ്ട് നിവേദനങ്ങൾ ലത്തീൻ കത്തോലിക്ക ഐക്യവേദി സമർപ്പിച്ചു.

തുടർന്ന് ഇവർക്ക് വേണ്ടി അടിയന്തരമായി വെളിച്ചം നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ലത്തീൻ കത്തോലിക്ക വേദി മുന്നോട്ടു പോകുമെന്നും, മാനുഷിക പരിഗണന നൽകിക്കൊണ്ട് മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും ഈ പ്രശ്നത്തിൽ ഇടപെട്ട് പ്രത്യേക പരിഗണന നൽകണമെന്ന്/ ഭവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സമർപ്പിക്കുവാനും ലത്തിൻ കത്തോലിക്കാ ഐക്യവേദി സംസ്ഥാന പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ് ഡോക്ടർ ട്രിസ .വി . ഫെർണാന്റസ് സ്വാഗതം ആശംസിക്കുകയും സംസ്ഥാന, ജില്ലാ ഭാരവാഹികളായ തങ്കച്ചൻ എം ഡിക്രൂസ്, ആൻഡ്രൂ എഡിസൺ, ഡാനിയൽ പെരേര, വില്യം ലാൻസി, പെട്രിഷ്യ ജോസഫ്, റീന, അഗസ്റ്റിൻ, ബ്രൂണോ ഹാരിസൺ എന്നിവർ സംസാരിച്ചു, ബാബുരാജ് നന്ദി അർപ്പിച്ചു

# ഓണക്കാലം ലക്ഷ്യമിട്ട് ലഹരിക്കച്ചവടം; കൊച്ചിയിൽ പിടിയിലായത് ലഹരിസംഘത്തിലെ പ്രധാനി

കൊച്ചി: 232 ഗ്രാം എംഡിഎംഎയുമായി കൊച്ചിയിൽ അറസ്റ്റിലായ പത്തനംതിട്ട സ്വദേശി വരുൺദേവ് ഡൽഹിയിൽ നിന്ന് രാസലഹരി എത്തിക്കുന്നതിൽ പ്രധാനിയെന്ന് എക്സൈസ്. ലഹരിക്കച്ചവടക്കാർക്കിടയിൽ ബോസ് എന്നാണ് ഇയാൾ അറിയപ്പെടുന്നത്. പെൺകുട്ടികളെ ഉൾപ്പെടെ ഉപയോഗിച്ചാണ് വരുൺ ലഹരി വിൽപന നടത്തിയിരുന്നത്.

വരുൺ ദേവിൻറെ സുഹൃത്തുക്കളിലേക്കും എക്സൈസ് അന്വേഷണം വ്യാപിപ്പിച്ചു. പ്രതിയുടെ ബാങ്ക് അക്കൗണ്ടുകളടക്കം മരവിപ്പിക്കാനുള്ള നടപടിയും എക്സൈസ് ആരംഭിച്ചിട്ടുണ്ട്. വരുൺദേവും സംഘവും ഡൽഹിരാജസ്ഥാൻ അതിർത്തിയിൽ നിന്ന് വാങ്ങുന്ന എംഡിഎംഎ റോഡ് മാർഗമാണ് കേരളത്തിലേക്ക് എത്തിക്കുന്നത്. കോട്ടയം കേന്ദ്രീകരിച്ചാണ് ലഹരി സംഭരിച്ചിരുന്നത്. പിന്നീടിത് ഇടനിലക്കാർ വഴി കൊച്ചിയിലെ വിൽപ്പനക്കാരിലേക്ക് എത്തിക്കും. വിൽക്കുന്ന ആർക്കും വരുണുമായി നേരിട്ട് ബന്ധമില്ല. കൊച്ചിയിലെ ആഡംബര ഹോട്ടലിൽ നിന്ന് 49 ഗ്രാം എംഡിഎംഎയുമായി പിടിയിലായ പിടിയിലായ സിദ്ദിഖ്, ഫിനില എന്നിവരിൽ നിന്നാണ് ലഹരിയുമായി ശനിയാഴ്ച ഒരു സംഘം കൊച്ചിയിലേക്ക് എത്തുന്ന വിവരം എക്സൈസിന് ലഭിച്ചത്. വൈറ്റിലയിൽ വച്ച് ഇവരെ 232 ഗ്രാം എംഡിഎംഎയുമായി എക്സൈസ് പിടികൂടി. പ്രതികളെ ചോദ്യം ചെയ്ത് പരിശോധന നടത്തിയപ്പോഴാണ് ഏറെ നാളായി പോലീസും എക്സൈസും അന്വേഷിച്ചിരുന്ന ലഹരിസംഘത്തിൻറെ ബോസാണ് വരുൺ ദേവ് എന്ന് തിരിച്ചറിയുന്നത്.

ഓണക്കാലം ലക്ഷ്യമിട്ട് അഞ്ച് കിലോയോളം എംഡിഎംഎ കേരളത്തിലേക്ക് എത്തിച്ചിട്ടുണ്ട് പ്രതി മൊഴി നൽകി. കൊച്ചിയിലെ വൈറ്റ് കോളർ ഡ്രഗ് പാർട്ടി കേസിൽ അറസ്റ്റിലായ കെവിൻ ബി. മാത്യു, വടക്കൻ പറവൂർ സ്വദേശി സിദ്ദിഖ് എന്നിവരും വരുൺ ദേവിൽ നിന്ന് എംഡിഎംഎ വാങ്ങിയിട്ടുണ്ട്.

# ദൃശ്യം 4 വരുന്നു; പ്രഖ്യാപിച്ച് ആൻറണി പെരുമ്പാവൂർ



ദൃശ്യം 4 ഉണ്ടാകുമെന്ന് പ്രഖ്യാപിച്ച് ആൻറണി പെരുമ്പാവൂർ. ഒരു പരിപാടിയിലാണ് ആൻറണി ഇക്കാര്യം ഉറപ്പിച്ചത്. ദൃശ്യം പരമ്പരയ്ക്ക് അടുത്തൊരു ഭാഗം കൂടി ഉറപ്പായും ഉണ്ടാകുമെന്നും, ഇത് തൻറെ ഉറപ്പാണെന്നും ആൻറണി പെരുമ്പാവൂർ പറഞ്ഞു.

ദൃശ്യം 3 റിലീസ് ചെയ്ത് ഏതാനും മാസങ്ങൾക്ക് ശേഷമാണ് നാലാം ഭാഗത്തെക്കുറിച്ച് ആൻറണി പെരുമ്പാവൂർ പങ്കുവച്ചത്. മോഹൻലാലിനെയും ജീത്തു ജോസഫിനെയും സാക്ഷിയാക്കിയാണ് ആൻറണി പെരുമ്പാവൂർ ഇക്കാര്യം പറഞ്ഞത്.

'ദൃശ്യം നാലാം ഭാഗവും തീർച്ചയായിട്ടും വരുമെന്ന് ഞാൻ പറയുന്നു. ജീത്തു പറഞ്ഞിട്ടില്ല. ലാൽ സാർ ഇതെൻറെ മനസിൽ നിന്ന് ഞാൻ പറയുന്നതാണ്. തീർച്ചയായിട്ടും ആ സിനിമ ഉണ്ടാകും. ഉണ്ടാകണം. ഇത് ഞാൻ എൻറെ മനസിൽ നിന്ന് പറയുന്നതാണ്. നന്ദി നമസ്കാരം'.- ആൻറണി പെരുമ്പാവൂർ പറഞ്ഞു.അതേസമയം ദൃശ്യം 3 സമ്മിശ്ര പ്രതികരണമാണ് തിയറ്ററുകളിൽ നിന്ന് നേടിയത്. റിലീസ് ചെയ്ത് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ ചിത്രം 100 കോടി ക്ലബ്ബിലും ഇടം നേടിയിരുന്നു.ജീത്തു ജോസഫ് സംവിധാനം ചെയ്ത ചിത്രത്തിൽ മീന, അൻസിബ ഹസൻ, എസ്തർ അനിൽ, സിദ്ദിഖ്, ആശ ശരത് എന്നിവരും പ്രധാന വേഷങ്ങളിലെത്തിയിരുന്നു.

